**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **11-10-2021 - ൽ മറുപടിയ്ക്ക്**

**ജനകീയാസൂത്രണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജനകീയാസൂത്രണ പദ്ധതിയുടെ കുറവുകൾ പരിഹരിച്ച് ഗുണമേന്മയുള്ളതും സുസ്ഥിരവും സർവതല സ്പർശിയുമായ പദ്ധതി രൂപീകരണവും നിർവ്വഹണവും ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടു പോകുക എന്ന സമീപനത്തോടെ പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരിക്കുന്നതാണ്. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി മുൻവർഷങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി അവസ്ഥാരേഖ തയ്യാറാക്കുന്നതിനും വികസനരേഖ പരിഷ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് നടപടിയെടുത്ത് വരുന്നു. |
| (ബി) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സുസ്ഥിര വികസനത്തിലേക്ക് നയിക്കാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ; | (ബി) | പതിനാലാം പദ്ധതിയുടെ പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിനുള്ള ചർച്ചകൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഉടൻതന്നെ അതിന് അന്തിമരൂപം നൽകുന്നതാണ്. തൊഴിലും വരുമാനവും ഉറപ്പാക്കൽ, ജനകീയതയും സുതാര്യതയും ഉറപ്പാക്കികൊണ്ട് മികച്ച ഭരണ നിർവഹണ രീതികൾ ഉറപ്പാക്കൽ, ഇ-ഗവേർണൻസ് വ്യാപിപ്പിക്കൽ, നീർത്തടാധിഷ്ഠിത ആസൂത്രണം ഉറപ്പാക്കൽ, ശുചിത്വ കേരളത്തിനായുള്ള പദ്ധതികൾ ഉറപ്പാക്കൽ എന്നിവയിലൂടെ ജനകീയാസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തിക്കൊണ്ട് നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണ്. ഉത്പാദന വർദ്ധനവിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച കൈവരിക്കുക, സാമൂഹ്യ നീതിയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുക, ഈ മേഖലകളിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുക |

| | | | |
|---|---|---|---|
| | | | എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. പുതിയ ഒരു കേരളം സൃഷ്ടിക്കുക എന്നതാണ് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നത്. വിജ്ഞാനാധിഷ്ഠിതമായതും പാരിസ്ഥിതിക ബോധ്യത്തിലൂന്നിയതുമായ വികസന സമീപനമായിരിക്കും പതിനാലാം പദ്ധതിയിൽ സ്വീകരിക്കുക. ഇപ്രകാരമുള്ള പൊതുലക്ഷ്യങ്ങൾ നേടുന്നതിന് സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി വരുന്നു. |
| (സി) | കോവിഡ് ആഘാതത്തെ അതിജീവിക്കാനും ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കാനും ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പ്രാദേശികാസൂത്രണത്തിന്റെ ഭാഗമായി പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രകൃതിക്ഷോഭങ്ങളെയും കോവിഡ് മഹാമാരിയെയും ജനകീയ കൂട്ടായ്മയിലൂടെ അതിജീവിക്കുന്നതിന് കേരളത്തിലെ പ്രാദേശിക സർക്കാരുകൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കൃഷി, മീൻ വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ക്ഷീര - മാംസ മേഖലയിലെ ഉന്നമനം എന്നിവയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി നടപ്പാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഊന്നിക്കൊണ്ടും കോവിഡ് മഹാമാരി സൃഷ്ടിച്ച പുത്തൻ വെല്ലുവിളികൾ പരിഗണിച്ചുകൊണ്ടും, ജനസംഖ്യയിലെ ഓരോ ആയിരം പേർക്കും അഞ്ചുവീതം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനപ്പെട്ട ഒരു ദൗത്യം പ്രാദേശിക സർക്കാരുകൾ മുഖേന ഏറ്റെടുക്കുന്നതാണ്. വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും വ്യാവസായിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും (ഈസ് ഓഫ് ഡൂയിങ് ബിസിനസ്) നടപടി സ്വീകരിച്ചു വരുന്നുണ്ട്. അഞ്ചുവർഷം കൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സംസ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക ഉപജീവന ഉന്നമനം ലക്ഷ്യമിട്ട് കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ യുവതികൾക്കായുള്ള ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ തൊഴിലവസരം സൃഷ്ടിക്കൽ കർമ്മപദ്ധതിയ്ക്ക് തുടക്കം കുറിച്ചു. 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. |

സെക്ഷൻ ഓഫീസർ